DESPATCHED
On..17/02/2020

21/01/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.1082(1)/2019/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.20067/SIC-Gen4/2019**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീമതി എസ്. ബേബി,
റ്റി.സി. 21/770-3,
മേലേതിൽ പുത്തൻ വീട്,
ശാസ്ത്രിനഗർ -14, നെടുങ്കാട്,
കരമന പി.ഒ., തിരുവനന്തപുരം,
പിൻ - 695 002. } പരാതി ഹർജിക്കാരി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ,
വില്ലേജ് ഓഫീസ്, മാങ്കോട്,
കൊല്ലം - 691 559. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 01/07/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | - |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 05/12/2019 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 06/12/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17/12/2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 07/01/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21/01/2020 - കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കൊല്ലം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരി | ഹാജരായില്ല |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരിയായ ശ്രീമതി എസ്.ബേബി, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാളുടെ അച്ഛന്റെ വസ്തുവിന്റെ രേഖ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിലേയ്ക്കായി എതിർകക്ഷി മുമ്പാകെ അപേക്ഷ സമർപ്പിച്ചുവെങ്കിലും തൃപ്തികരമല്ലാത്ത മറുപടിയാണ് ടിയാൾക്ക് ലഭിച്ചതെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി പ്രസ്താവിച്ചത്, ചിതറ പഞ്ചായത്ത് ഭജനമഠം തടത്തരികത്ത് വീട് ചെല്ലപ്പൻ ആശാരിയുടെ മകളായ ടിയാൾക്ക് അച്ഛന്റെ വസ്തുവിൽ ഓഹരി നൽകിയിട്ടില്ല എന്നും ടിയാൾക്ക് വസ്തു നൽകാമെന്ന് പറഞ്ഞ സ്ഥലത്ത് ചെല്ലപ്പൻ

ആശാരിയുടെ ചെറുമകൻ ശരത്ത് വീടു പണിയുകയാണെന്നും മേൽപ്പടി വസ്തുവിൽ കെട്ടിട പണി തടസ്സപ്പെടുത്തുവാൻ വേണ്ടി മേൽപ്പടി വസ്തുവിന്റെ നമ്പർ എടുത്തു നൽകണമെന്നുമാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ എതിർകക്ഷി ബോധിപ്പിച്ചത്, ഹർജിക്കാരിയുടെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ ലഭിച്ചിരുന്നില്ല എന്നും എന്നാൽ ടിയാൾ മേൽപ്പടി ഓഫീസിൽ വന്ന് തിരക്കിയപ്പോൾ വിവരങ്ങൾ നൽകിയിരുന്നു എന്നും ടിയാളുടെ അച്ഛന്റെ സ്വത്തു സംബന്ധിച്ച് ലഭ്യമായ പൂർണ്ണ വിവരങ്ങൾ നൽകിയിട്ടുളളതാണെന്നും മറ്റുമാണ്.

4. ഹർജിക്കാരി ആവശ്യപ്പെട്ടിരിക്കുന്ന വിവരം പൂർണ്ണമായും വ്യക്തമല്ല എന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. എന്നിരുന്നാലും എതിർകക്ഷി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ ടിയാൾക്ക് നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരി താത്പര്യപ്പെടുകയാണെങ്കിൽ എതിർകക്ഷി ഓഫീസിൽ ലഭ്യമായ വിവരം നേരിൽ പരിശോധിച്ച് ബോധ്യപ്പെടുന്നതിനുള്ള അവസരം ടിയാൾക്കു സൗജന്യമായി നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 21-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

us